## Part - A

## 1st Language - Malayalam (AT)

## Question No. 1 to 15

**പാർട്ട് A ഒന്നാം ഭാഷ AT യിൽ 15 ചോദ്യങ്ങൾ ഉണ്ടായിരിക്കും. എല്ലാ ചോദ്യങ്ങൾക്കും കുട്ടികൾ ഉത്തരം എഴുതേണ്ടതാണ്.**

1. വ്യത്യസ്തമായ സഞ്ചാര അനുഭവങ്ങൾ വിവരിക്കുന്ന യാത്രാവിവരണ ഗ്രന്ഥമായ ''ഹിമവാന്റെ മുകൾത്തട്ടിൽ'' എന്ന ഗ്രന്ഥം എഴുതിയ സഞ്ചാര സാഹിത്യകാരൻ ആര് ?
   (A) രാജൻ കാക്കനാടൻ
   (B) കെ. തായാട്ട്
   (C) സന്തോഷ് ജോർജ് കുളങ്ങര
   (D) എൻ. വി. കൃഷ്ണവാരിയർ

2. ശരിയായ പദം തിരഞ്ഞെടുത്തെഴുതുക.
   (A) ഉൽക്കണ്ട
   (B) ഉൽക്കണ്ഠ
   (C) ഉല്ക്കണ്ട
   (D) ഉൽക്കണ്ഡ

3. 'നീണ്ടുരുണ്ട് ഘനം പൂണ്ടുള്ള ബാഹുക്കളും അതിമനോഹരമായ വർണ്ണവും കണ്ടാൽ ആൾ അസാരനല്ലെന്ന് പ്രഥമ ദൃഷ്ടിയിൽ തന്നെ ഏവനും ബോദ്ധ്യപ്പെടും.' സി. വി. രാമൻപിള്ളയുടെ പ്രസിദ്ധമായ ഒരു നോവലിലെ കഥാപാത്രത്തെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്. ഏതാണ് ആ കഥാപാത്രം ?
   (A) കാളിയുടയാൻ ചന്ത്രക്കാറൻ
   (B) മാങ്കോയിക്കൽ കുറുപ്പ്
   (C) പത്മനാഭൻ തമ്പി
   (D) അനന്തപത്മനാഭൻ

4. റൊമാങ് റൊളാങ്ങിന് നോബൽ സമ്മാനം നേടിക്കൊടുത്ത കൃതി ഏതാണ് ?
   (A) സെന്റ് ലൂയിസ്
   (B) ലൈഫ് ഓഫ് വിവേകാനന്ദ
   (C) ഇന്റീരിയർ വോയേജ്
   (D) ജീൻ ക്രിസ്റ്റഫ്

5. "മത്തയിൽ പടവലവള്ളിയിൽ കുമ്പളത്തി-ലിത്തപം നിങ്ങൾ ചെയ്കെത്തുടിപ്പു മമ ചിത്തം." – അടിവരയിട്ട പദത്തിന് പകരം പദം കണ്ടെത്തുക.
   (A) കണ്ണ്
   (B) കാത്
   (C) മനസ്സ്
   (D) കൈ

6. താഴെ കൊടുത്തിരിക്കുന്ന സൂചനകളിൽ നിന്ന് സാഹിത്യകാരൻ ആരാണെന്ന് കണ്ടെത്തി എഴുതുക.
   - പ്രഗല്ഭനായ സാഹിത്യ നിരൂപകൻ
   - 1919-ൽ ഓച്ചിറയിൽ ജനനം
   - ആത്മകഥ - മനസാസ്മരാമി
   - കേന്ദ്ര-കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്

   (A) എം. കെ സാനു
   (B) എം. അച്യുതൻ
   (C) എസ്. ഗുപ്തൻ നായർ
   (D) ജോസഫ് മുണ്ടശ്ശേരി

7. ആ കുട്ടിയെ സമാധാനിപ്പിച്ച് തിരിഞ്ഞു നടക്കുമ്പോൾ നിമിഷങ്ങൾക്കു മുമ്പ് നക്ഷത്രം പോലെ ജ്വലിച്ചു നിന്ന കണ്ണുകൾ <u>ചുവന്നു കലങ്ങുന്നത്</u> ഞാൻ കണ്ടു - അടിവരയിട്ട പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നത് എന്താണ് ?
(A) സന്തോഷമുണ്ടായി
(B) സങ്കടമുണ്ടായി
(C) മുഖം മൃദുലമായി
(D) പരിഹാസം ഉണ്ടായി

8. "കരിവീട്ടിക്കാതൽ പോലുള്ള ഈ തടി പിന്നെന്തിനാ" – ഈ വാക്കുകൾ ആരുടേതാണ് ?
(A) ചെമ്മരത്തിയുടേത്
(B) സീതയുടേത്
(C) ദ്രൗപതിയുടേത്
(D) രാധയുടേത്

9. താഴെ കൊടുത്തിരിക്കുന്നവയിൽ തെറ്റായ ജോഡി കണ്ടെത്തി എഴുതുക.
(A) എസ്. ഗുപ്തൻ നായർ - തിരയും ചുഴിയും
(B) തോന്ന്യാക്ഷരങ്ങൾ - ഒ. എൻ. വി. കുറുപ്പ്
(C) നരനായും പറവയായും - സി. വി ബാലകൃഷ്ണൻ
(D) ആത്മകഥയ്ക്ക് ഒരാമുഖം - ലളിതാംബിക അന്തർജനം

10. "ഇരുൾ തൊപ്പി പൊക്കിപ്പതുക്കെ പ്രഭാതം ചിരിക്കാൻ ശ്രമിക്കും." – ഇവിടെ ചിരിക്കാൻ ശ്രമിക്കുന്നത് ആര് ?
(A) കണിക്കൊന്ന
(B) പ്രഭാതം
(C) സൂര്യൻ
(D) സന്ധ്യ

11. തോറ്റംപാട്ടുമായി ബന്ധമുള്ള കലാരൂപം താഴെ കൊടുത്തിരിക്കുന്നവയിൽ ഏതാണ് ?
(A) ചവിട്ടുനാടകം
(B) ഒപ്പന
(C) കഥകളി
(D) തെയ്യം

12. "മലമുകളിൽ മഞ്ഞുപെയ്തു, മഴ പോയി, വെയിൽ തിളങ്ങി" ഈ വരികളിലെ ധ്വനി എന്ത് ?
(A) കാലം കടന്നു പോയി
(B) മഴക്കാലം വന്നു
(C) മഞ്ഞുകാലം വന്നു
(D) കാലം മാറുന്നില്ല

13. "തേനിറ്റു വീഴുന്ന പൂക്കൾ ചൊരിഞ്ഞുടൻ മാനിച്ചു കൊമ്പെല്ലാം താഴ്ത്തിനിന്നു" ഇവിടെ കൊമ്പുകൾ താഴ്ത്തി നിന്നതാര് ?
(A) മാനുകൾ
(B) മരങ്ങൾ
(C) പശുക്കൾ
(D) മയിലുകൾ

14. വീണ വായിക്കുന്നവർ എന്നർത്ഥം വരുന്ന ഒറ്റപ്പദം കണ്ടെത്തുക.
(A) വീണക്കാർ
(B) വീണ വായനക്കാർ
(C) വൈണികർ
(D) വീണ വിദ്വാൻമാർ

15. നെൽ + പാടം എന്നത് ചേർത്ത് എഴുതിയാൽ കിട്ടുന്ന ഒറ്റപ്പദം എന്ത് ?
(A) നെൽപാടം
(B) നെൻപാടം
(C) നെല്ല് പാടം
(D) നെൽപ്പാടം

- o O o -